മധുരമായ കുട്ടികളേ - ഒരേ ഒരു ഭോലാനാഥനായ ബാബയാണ് നിങ്ങളുടെ സഞ്ചി ജ്ഞാനരത്നങ്ങളാല് നിറച്ചു തരുന്നത്, ബാബ കല്പ വൃക്ഷത്തിന്റെ ബീജരൂപനാണ്. ബാബയെ മറ്റാരുമായി തന്നെ താരതമ്യം ചെയ്യാന് സാധിക്കില്ല.

ചോദ്യം :- വളരെയധികം കുട്ടികള് ബാബയെപ്പോലും വഞ്ചിക്കുവാന് പരിശ്രമിക്കുന്നു എങ്ങനെ?എന്തുകൊണ്ട്?

ഉത്തരം :- ബാബയെ യഥാര്ത്ഥ രീതിയില് തിരിച്ചറിയാത്തതുകാരണം തെറ്റുചെയ്തിട്ട് മറച്ചുവയ്ക്കുന്നു, സത്യം പറയുന്നില്ല. സഭയില് ഒളിച്ചുവന്നിരിക്കുന്നു. ധര്മ്മരാജനായ ബാബയ്ക്ക് എല്ലാമറിയാം എന്ന് അവര്ക്കറിയില്ല, സത്യമായ ബാബയോട് സത്യം പറയൂ ഇത് ശിക്ഷ കുറയ്ക്കുന്നതിനുള്ള യുക്തിയാണ്.

ഗീതം :- ഭോലാനാഥനെപ്പോലെ വിചിത്രനായി മറ്റാരുമില്ല......

ഓം ശാന്തി. ശിവനെയാണ് സദാ ഭോലാനാഥന് എന്ന് പറയുന്നതെന്ന് കുട്ടികള്ക്ക് മനസിലായി. ശിവഭോലാ ഭണ്ഡാരി എന്നു പറയുന്നു. ശങ്കരനെ ഭോലാനാഥനെന്ന് വിളിക്കില്ല. മറ്റാരെയും തന്നെ ജ്ഞാനസാഗരനെന്ന് പറയാന് സാധിക്കില്ല. ഞാന് വന്നിട്ടാണ് കുട്ടികള്ക്ക് ആദി മദ്ധ്യ അന്ത്യത്തിന്റെ അറിവ് അല്ലെങ്കില് ജ്ഞാനം കേള്പ്പിക്കുന്നത് എന്ന് ബാബ പറയുന്നു. അപ്പോള് ഒരേ ഒരാളാണ് ജ്ഞാനസാഗരന്. ശങ്കരനോ അവ്യക്ത ബ്രഹ്മാവോ അല്ല. അവ്യക്ത ബ്രഹ്മാവ് സൂക്ഷ്മവതനത്തില് വസിക്കുന്നു. ദാദയെ എന്തുകൊണ്ട് ഭഗവാന് ബ്രഹ്മാവെന്ന് വിളിക്കുന്നു എന്ന് വളരെ പേര് സംശയിക്കുന്നു. എന്നാല് അവ്യക്ത ബ്രഹ്മാവിനെപ്പോലും ഭഗവാനെന്ന് വിളിക്കാന് സാധിക്കില്ല. ഞാനാണ് നിങ്ങളുടെ പാരലൗകീക പിതാവെന്ന് ഇപ്പോള് ബാബ മനസ്സിലാക്കി തരുന്നു. പരലോകമെന്ന് സ്വര്ഗ്ഗത്തെയോ നരകത്തെയോ വിളിക്കില്ല. ഉയര്ന്നതിലും ഉയര്ന്ന ലോകമാണ് പരലോകം, അവിടെ ആത്മാക്കള് നിവസിക്കുന്നു അതുകൊണ്ട് ബാബയെ പരമപ്രിയ പാരലൗകിക പരമപിതാ എന്ന് വിളിക്കുന്നു കാരണം ബാബ പരലോകത്തില് വസിക്കുന്നവനാണ്. ഭക്തിമാര്ഗ്ഗത്തിലും പ്രാര്ത്ഥിക്കുമ്പോള് തീര്ച്ചയായും കണ്ണുകള് മുകളിലേക്കു പോകും. ഞാന് മുഴുവന് കല്പവൃക്ഷത്തിന്റെയും ബീജരൂപനാണെന്ന് ബാബ മനസ്സിലാക്കി തരുന്നു. ഒരേയൊരു ശിവനെയല്ലാതെ മറ്റാരെയും സൃഷ്ടികര്ത്താവ് എന്നു വിളിക്കാന് സാധിക്കില്ല. ഒരേയൊരു ബാബയാണ് സൃഷ്ടികര്ത്താവ്, ബാക്കി സര്വ്വരും ബാബയുടെ സൃഷ്ടിയാണ്. രചയിതാവാണ് രചനകള്ക്ക് ആസ്തി നല്കുന്നത്. ഈശ്വരന് അഥവാ അള്ളാഹുവാണ് നമ്മളെ സൃഷ്ടിച്ചത് എന്ന് എല്ലാവരും പറയുന്നു അപ്പോള് ആ ഒരേയൊരു ഈശ്വരനെ എല്ലാവരും പിതാവെന്ന് വിളിക്കും. ഗാന്ധിയെ പിതാവെന്നു വിളിക്കില്ല. പരിധിയില്ലാത്ത രചയിതാവ് ഒരേ ഒരു ബാബ മാത്രമാണ്. ബാബ മനസ്സിലാക്കി തരുന്നു ഞാന് നിങ്ങളുടെ പാരലൗകിക പരമപിതാവാണ്. ബാക്കി എല്ലാ ആത്മാക്കളും ഒരുപോലെയാണ്, ചിലര് വലുത് ചിലര് ചെറുത് ആകില്ല. ജ്ഞാന സൂര്യന്, ജ്ഞാന ചന്ദ്രന്, ജ്ഞാന നക്ഷത്രം... ആ സൂര്യചന്ദ്രന്റെ വലുപ്പത്തില് വ്യത്യാസമുണ്ട് എന്നാല് ആത്മാക്കളുടെ വലിപ്പം ഒരുപോലെയാണ്. ഞാന് വലിപ്പത്തില് വലുതതൊന്നുമല്ല എന്നാല് പരംധാമത്തില് വസിക്കുന്നവനാണ് അതുകൊണ്ട് എന്നെ പരമാത്മാവെന്നു വിളിക്കുന്നു എന്ന് ബാബ പറയുന്നു. പരമാത്മാവിലാണ് മുഴുവന് ജ്ഞാനം. ബാബ പറയുന്നു- ഞാന് അശരീരിയായിരിക്കുന്നതുപോലെ ആത്മാവും കുറച്ചു സമയം പരംധാമത്തില് അശരീരിയായിരിക്കുന്നു പിന്നെ സ്റ്റേജില്(ഭൂമിയില്) കൂടുതല് സമയം ചിലവഴിക്കുന്നു. നിങ്ങള് ആത്മാക്കള് നക്ഷത്ര സ്യദശ്യമായിരിക്കുന്നതുപോലെ ഞാനുമാകുന്നു. ഞാന് വലുതാണെങ്കില് ഈ ശരീരത്തിലിരിക്കാന് സാധിക്കില്ല. മറ്റു സര്വ്വ ആത്മാക്കള് പാര്ട്ടഭിനയിക്കുവാന് വരുന്നതുപോലെ ഞാനും വരുന്നു. ബാബയ്ക്ക് ഭക്തിമാര്ഗ്ഗത്തില് പാര്ട്ട് തുടങ്ങുന്നു. സത്യയുഗ ത്രേതായില് പാര്ട്ടില്ല. സ്വയം വന്ന് ഇപ്പോള് നമ്മള്ക്ക് മുഴുവന് ആസ്തി നല്കുന്നു. തന്നേക്കാള് രണ്ട് മടങ്ങ് മുകളിലേക്കു കൊണ്ടുപോകുന്നു. നമ്മളെ ബ്രഹ്മാണ്ഡം കൂടാതെ സൃഷ്ടി രണ്ടിന്റേയും അധികാരിയാക്കുന്നു. കുട്ടികളെ യോഗ്യതയുള്ളവരാക്കുക എന്നത് ഓരോ അച്ഛന്റെയും കടമയാണ്, എത്ര സേവനം ചെയ്യുന്നു. ചിലര്ക്ക് ഏഴുകുട്ടികള് ഉണ്ടായിരിക്കും, ചിലര് ഡോക്ടര്, എഞ്ചിനീയര്, വക്കീലാകുന്നു അപ്പോള് അച്ഛന് വളരെ സന്തോഷം ഉണ്ടാകും. എല്ലാ കുട്ടികളെയും പഠിപ്പിച്ച് യോഗ്യതയുള്ളവരാക്കിയ അച്ഛനെന്ന് പ്രശംസിക്കുന്നു എന്നാല് എല്ലാവരും ഒരുപോലെ ആകില്ല. ഓരോരുത്തരും എന്തൊക്കെയായിത്തീരുന്നു. അതുപോലെ ബാബയും പറയുന്നു- ഞാന് നിങ്ങളെ എത്ര യോഗ്യതയുള്ളവരാക്കുന്നു. ഈ ബാബ എങ്ങനെയുള്ളവനാണെന്ന് നോക്കൂ.!

ബാബയ്ക്ക് സ്ഥൂലമായ പേരോ രൂപമോ ഒന്നുമില്ല. മറ്റൊരാളുടെ ശരീരത്തില് പ്രവേശിച്ച് പഠിപ്പിക്കുന്നു. ഇത് കല്പം മുന്പത്തെ പോലെതന്നെയുള്ള പാഠശാലയാണ് അപ്പോള് തീര്ച്ചയായും ഗീതയുടെ ഭഗവാനായിരിക്കും ഗീതാപാഠശാല ഉണ്ടാക്കിയത്. എവിടെയാണോ എല്ലാവര്ക്കും ജ്ഞാനത്തിന്റെ പുല്ല്, അഥവാ ജ്ഞാനത്തിന്റെ അമൃത് കുടിപ്പിച്ചത്. ചിലര് കൃഷ്ണന്റെ ഗോശാല എന്നു പറയുന്നു, ചിലര് ബ്രഹ്മാവിന്റേതെന്നു പറയുന്നു. എന്നാല് ശരിക്കും എന്താണ് നടക്കുന്നത്, ശിവബാബയ്ക്ക് ശരീരമില്ലാത്തതു കാരണം ബ്രഹ്മാവെന്നു പറഞ്ഞു. ബാക്കി കൃഷ്ണന് ഗോക്കളെ പാലിക്കേണ്ട കാര്യമില്ല. കൃഷ്ണനെ പതിത-പാവനനെന്ന് പറയില്ല. ഗാന്ധിജിയും ഗീതയെടുത്ത് വായിലൂടെ സീതാരാമ എന്ന് ഉച്ചരിച്ചുകൊണ്ടിരിക്കുമായിരുന്നു കാരണം അദ്ദേഹം രാമന്, കൃഷ്ണന്, കൂര്മ്മം-മത്സ്യം സര്വ്വതിലും ഭഗവാനുണ്ടെന്ന് വിശ്വസിച്ചിരുന്നു. മുന്പ് നമ്മളും അങ്ങനെ കരുതിയിരുന്നു. നമ്മളുടെയും ബുദ്ധിയുടെ പൂട്ട് വീണിരുന്നു. ഇപ്പോള് ബാബ വന്ന് ഉണര്ത്തി. സര്വ്വരേയും ശ്മശാനത്തില് നിന്നും പുറത്തെടുത്ത് തിരിച്ച് കൊതുകിന് കൂട്ടത്തെപ്പോലെ കൂട്ടിക്കൊണ്ടുപോകുന്നു. പിന്നെ തന്റേതായ സമയമാകുമ്പോള് പതുക്കെ പതുക്കെ താഴോട്ടു വരുന്നു.

അച്ഛനായ എന്നെ മാത്രം ഓര്മ്മിക്കൂ എന്ന് ബാബ നിങ്ങള്ക്ക് മനസ്സിലാക്കി തരുന്നു. വിദ്യാര്ത്ഥികള്ക്കും അച്ഛന്റെയും ടീച്ചറിന്റെയും ഓര്മ്മയുണ്ടായിരിക്കും. നിങ്ങളെ ബാബ പഠിപ്പിക്കുന്നു. ബാബ നിങ്ങളുടെ ഗുരുവുമാണ്. മൂന്നാളുടെയും ശക്തിയുണ്ട്. എന്നിട്ടും ഇങ്ങനെയുള്ള അച്ഛനെ മറന്നുപോകുന്നു! അഞ്ചുമിനിട്ടു പോലും ഓര്മ്മിക്കാത്ത (ഫുള്കാസ്റ്റ് എന്ന് വിളിക്കുന്ന) കുട്ടികളുമുണ്ട്. അപ്പോഴാണ് പറയുന്നത്- ആഹാ എന്റെ മായേ, ഞാന് കുട്ടികളുടെ പൂട്ട് തുറക്കുന്നു, നീ പൂട്ടിക്കളയുന്നു. അല്പമെങ്കിലും വികാരത്തിലേക്ക് പോയി എങ്കില് ബുദ്ധിയില് പൂട്ട് വീഴുന്നു. എങ്കിലും സത്യം പറയുന്നതിലൂടെ ശിക്ഷ കുറയുന്നു. അഥവാ സ്വയം തന്നെ ജഡ്ജിയുടെ അടുത്തുപോയി തന്റെ തെറ്റു പറഞ്ഞാല് കുറഞ്ഞ ശിക്ഷയേ കൊടുക്കൂ. അഥവാ ആരെങ്കിലും തെറ്റായ കാര്യം ചെയ്തു ഒളിപ്പിച്ചാല് അവര്ക്കും കടുത്ത ശിക്ഷ ലഭിക്കുന്നു. ബാബയും ഇങ്ങനെ ചെയ്യുന്നു, അതുകൊണ്ട് ധര്മ്മരാജനോട് ഒന്നും ഒളിപ്പിക്കരുത്. വികാരത്തിലേക്ക് പോയിട്ട് പിന്നെ ഒളിച്ച് വന്ന് സഭയിലിരിക്കുന്ന വളരെപ്പേരുണ്ട് എന്നാല് ധര്മ്മരാജനോട് എന്ത് ഒളിപ്പിക്കാന് സാധിക്കും? നിശ്ചയം ഇല്ലായെങ്കില് ഇങ്ങനെയുള്ള ബാബയെപ്പോലും ചതിക്കാന് പരിശ്രമിക്കുന്നു. സാകാരിയായ ബാബയെ വേണമെങ്കില് ചതിക്കാന് സാധിക്കും എന്നാല് നിരാകാരിയായ ബാബ എല്ലാമറിയുന്നുണ്ട്, നിങ്ങള്ക്ക് ഈ ശരീരത്തിലൂടെ പഠിപ്പും ബാബ നല്കുന്നു. ദാദയുടെ ശരീരത്തില് പരമാത്മാവ് എങ്ങനെയാണ് വരുന്നതെന്ന് നിങ്ങളോട് വളരെപ്പേര് ചോദിക്കുന്നു. ഈ ദാദ ഗൃഹസ്ഥിയായിരുന്നില്ലേ, കുട്ടികളുണ്ടായിരുന്നു, ഇദ്ദേഹത്തില് എങ്ങനെയാണ് വരുന്നത്, എന്തുകൊണ്ടാണ് സന്ന്യാസിമാരുടെ ശരീരത്തില് വരാത്തത്? കാരണം പരമാത്മാവിന് പതിതരെയാണ് പാവനമാക്കേണ്ടത്. പൂജാരിയില് നിന്നും പൂജ്യരാക്കിക്കൊണ്ടിരിക്കുന്നു. ഇത് കുട്ടികരണം മറിയുന്ന കളിപോലെയാണ്. ബ്രാഹ്മണര് തന്നെ ദേവതകള് പിന്നീട് ക്ഷത്രിയര്, വൈശ്യര്.... ഈ വര്ണ്ണങ്ങളെല്ലാം ഭാരതത്തിലാണുള്ളത്. മറ്റെവിടെയും വര്ണ്ണങ്ങളില്ല. ഇപ്പോള് ഞാന് 15 മിനിറ്റ് പ്രഭാഷണം ചെയ്തു. അതുപോലെ നിങ്ങള്ക്ക് മനസ്സിലാക്കിക്കൊടുക്കാന് സാധിക്കും. ബാബ നേരിട്ട് സംസാരിക്കുന്നു. ശിവന് വേറെയാണ് ശങ്കരന് വേറെയാണ് എന്ന് ശിവബാബ മനസിലാക്കി തരുന്നു എന്ന് നിങ്ങള് പറയും. ഇതും വളരെ വ്യക്തമായി മനസ്സിലാക്കി കൊടുക്കണം. ബാബയുടെ പരിചയം നല്കുക എന്ന് ഇതിനെയാണ് പറയുന്നത്. ഹു ഈസ് ഹു (വലിയ ആള്ക്കാരെ കുറിച്ചുള്ള വിവരണം) എന്ന ഗവണ്മെന്റിന്റെ പുസ്തകം ഇറക്കാറുണ്ടല്ലോ. അതുപോലെ ഇത് ഹു ഈസ് ഹു, നേരത്തേ നിശ്ചയിക്കപ്പെട്ട ഡ്രാമയാണ്. നമ്മള് പറയും, പരമോന്നതന് ശിവബാബ പിന്നെ ബ്രഹ്മാ, വിഷ്ണു, ശങ്കരന് പിന്നെ ലക്ഷ്മീ-നാരായണനന്, രാമന്-സീത പിന്നെ ധര്മ്മം സ്ഥാപിക്കുന്നവര്. ഈ രീതിയില് ലോകം പഴയതാകുന്നു. നിങ്ങള് ദേവതകള് വാമമാര്ഗ്ഗത്തിലേക്ക് പോകുന്നു. ഇപ്പോള് ബാബ വന്ന് ഉണര്ത്തുന്നു പറയുന്നു- സര്വ്വതും എനിക്കു സമര്പ്പിക്കൂ എന്നിട്ട് എന്റെ നിര്ദ്ദേശമനുസരിച്ച് നടക്കൂ. ബാബയുടേതാണ് ശ്രീമതമെന്ന് പറയുന്നത്.

ലക്ഷ്മീ-നാരായണനന്, സീതാ-രാമന് അവരെയൊക്കെ ഓര്മ്മിക്കുന്നുണ്ട് എന്നാല് അവര് എല്ലാവരും വാമമാര്ഗ്ഗത്തിലേക്ക് പോയി പിന്നെ ആര്ക്ക് ശ്രീമതം നല്കാന് സാധിക്കും. ഭക്തരുടെ മനോകാമന ബാബയാണ് പൂര്ത്തീകരിക്കുന്നത്, അഥവാ ആരെങ്കിലും കൂര്മ്മം-മത്സ്യത്തില് ഭാവന വെയ്ക്കുന്നുവെങ്കില് അവരുടെ ഭാവനയെയും ഞാന് പൂര്ത്തീകരിക്കുന്നു. അതിന്റെ അര്ത്ഥം ഭഗവാന് കൂര്മ്മത്തിലും മത്സ്യത്തിലും എല്ലാത്തിലും ഉണ്ടെന്നായി. ബാബ വളരെ രഹസ്യങ്ങള് മനസ്സിലാക്കി തരുന്നു. എന്നാല് മനസ്സിലാക്കുന്നവര് സംഖ്യാക്രമമനുസരിച്ചാണ് അപ്പോള് പദവിയും സംഖ്യാക്രമത്തിലാണ്. ഇവിടെ ദൈവീക രാജധാനിയാണ്

സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്, ധര്മ്മമല്ല. ധര്മ്മം മറ്റു ധര്മ്മത്തിലുള്ളവരാണ് സ്ഥാപിക്കുന്നത്. ശിവബാബ ബ്രഹ്മാവിലൂടെ രാജാക്കന്മാരുടെയും രാജാവാക്കുന്നു. രാജാക്കന്മാരുടെ രാജാവ് എന്നതിനര്ത്ഥം നിങ്ങള്ക്കു മനസ്സിലാക്കി തന്നിട്ടുണ്ട്. നിങ്ങളെ വികാരീ രാജാക്കന്മാര് പൂജിക്കുന്നു, എങ്കില് നിങ്ങള്ക്ക് എത്ര വലിയ പദവിയാണ് ലഭിക്കുന്നത്. ബാബയുടെ മധുരമധുരമായ കാര്യങ്ങള് നിങ്ങള്ക്കു വളരെ നല്ലതായി തോന്നുന്നു. എന്നാല് പിന്നീട് എഴുന്നേറ്റ് ചായ കുടിച്ചുകഴിയുമ്പോള് ലഹരി കുറഞ്ഞുപോകുന്നു. നാട്ടിലേക്ക് പോയിക്കഴിഞ്ഞാല് പൂര്ണ്ണമായിട്ട് ഇറങ്ങിപ്പോകുന്നു. ഇവിടെയാണെങ്കില് നിങ്ങള് ശിവബാബയുടെ വീട്ടിലിരിക്കുന്നപോലെയാണ്. എന്നാല് അവിടെ വളരെ വ്യത്യാസമുണ്ടാകുന്നു. പതി വിദേശത്തു പോകുമ്പോള് പത്നി കണ്ണീരൊഴുക്കുന്നതുപോലെ. ആ പതി സുഖമൊന്നും നല്കുന്നില്ല, ഈ ബാബ നിങ്ങള്ക്കു എത്ര സുഖം നല്കുന്നു, അപ്പോള് ഈ ബാബയെ പിരിയുമ്പോള് കണ്ണുനീര് വരാറുണ്ടോ! വളരെപ്പേര് പറയുന്നു- ഞങ്ങള് ഇവിടെത്തന്നെ ഇരുന്നുകൊള്ളാം. അപ്പോള് നിങ്ങളുടെ കുട്ടികള് എവിടെപ്പോകും.? അങ്ങ് സംരക്ഷിക്കു എന്നു പറയുന്നു. ഞാന് എത്രപേരുടെ കുട്ടികളെ സംരക്ഷിക്കും! എന്നാല് നിന്നുകൊള്ളൂ, സര്വ്വീസബിള് ആകുകയാണെങ്കില് കുട്ടികളുടെയും പാലന നടക്കും. ആരംഭത്തില് കുറച്ചുപേരെ ഉണ്ടായിരുന്നുള്ളൂ അപ്പോള് അവരുടെ കുട്ടികളെ സംരക്ഷിച്ചിരുന്നു, ഇപ്പോള് എത്രപേരാണ്. കുട്ടികളെ ഇരുന്ന് സംരക്ഷിച്ചാല് അതില് ആരെങ്കിലും കാണാതായാല് പറയും ഞങ്ങളുടെ കുട്ടിയെ നഷ്ടപ്പെടുത്തി. ആരെയെങ്കിലും സംരക്ഷിക്കാന് ഏല്പിച്ചാല് അവരും പറയും ഞങ്ങളെന്തിന് മറ്റുള്ളവരുടെ കര്മ്മബന്ധനത്തിനെ സംരക്ഷിക്കണം. ശരി, ഒരേയൊരു ശിവനാകുന്ന കുട്ടിയെ സംരക്ഷിക്കൂ എങ്കില് ബാബ കുട്ടികളെ സംരക്ഷിക്കും. എന്നാല് ഇങ്ങനെയുള്ള ബാബയോടൊരിക്കലും വിടപറയരുത്. അങ്ങനെ വളരെപ്പേര് വിടപറഞ്ഞിട്ടുണ്ട്. അവരെ മൂഢന്റെ അവതാരം എന്നു പറയുന്നു. ഏതെങ്കിലും ബ്രഹ്മകുമാര് കുമാരിയോട് പിണങ്ങിപ്പോയാലും ശിവബാബയോട് ഒരിക്കലും പിണങ്ങരുത്. ബാബ നിങ്ങള്ക്ക് രാജ്യ-ഭാഗ്യം നല്കാന് വന്നിരിക്കുകയാണ്. ശരി.

വളരെക്കാലത്തെ വേര്പാടിന് ശേഷം തിരികെ ലഭിച്ച കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ സര്വ്വതും ബാബയ്ക്ക് സമര്പ്പിച്ച് പൂര്ണ്ണമായും ശ്രീമതമനുസരിച്ച് നടക്കണം. ഒരു മോശമായ കര്മ്മവും ചെയ്ത് ഒളിപ്പിച്ച് വയ്ക്കരുത്. ജഡ്ജിയോട് സത്യം പറയുകയാണെങ്കില് ശിക്ഷ കുറയും.

2) ബാബയോട് ഒരിക്കലും പിണങ്ങരുത്, സര്വ്വീസബിള് ആകണം. തന്റെ കര്മ്മബന്ധനം സ്വയം ഇല്ലാതാക്കണം.

വരദാനം :- സംഗമയുഗത്തിന്റെ ഓരോ നിമിഷത്തെയും ഉത്സവത്തിന്റെ രൂപത്തില് ആഘോഷിക്കുന്ന സദാ ഉണര്വ്വിലും-ഉത്സാഹത്തിലും സമ്പന്നരായി ഭവിക്കൂ

ഏതൊരു ഉത്സവവും, ഉണര്വ്വിനും ഉത്സാഹത്തിനും വേണ്ടിയാണ് ആഘോഷിക്കുന്നത്. താങ്കള് ബ്രാഹ്മണ കുട്ടികളുടെ ജീവിതം തന്നെ ഉത്സാഹ ഭരിത ജീവിതമാണ്. ഏതുപോലെയാണോ ഈ ശരീരത്തില് ശ്വാസമുണ്ടെങ്കില് മാത്രം ജീവനുള്ളത് അതുപോലെ ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസം തന്നെ ഉണര്വ്വും- ഉത്സാഹവുമാണ്. അതുകൊണ്ട് സംഗമയുഗത്തിന്റെ ഓരോ നിമിഷവും ഉത്സവമാണ്. എന്നാല് ശ്വാസത്തിന്റെ ഗതി സദാ ഏകരസവും സ്വാഭാവികവുമായിരിക്കണം. അഥവാ ശ്വാസത്തിന്റെ ഗതി വളരെ തീവ്രമായാല് അല്ലെങ്കില് പതുക്കെയായാല് യഥാര്ത്ഥ ജീവിതമെന്ന് പറയില്ല. അതുകൊണ്ട് പരിശോധിക്കൂ ബ്രാഹ്മണ ജീവിതത്തിന്റെ ഉണര്വ്വും-ഉത്സാഹത്തിന്റെയും ഗതി സ്വാഭാവികം അര്ത്ഥം ഏകരസമാണോ!

സ്ലോഗന് :- സര്വ്വ ശക്തികളുടെയും ഖജനാവിനാല് സമ്പന്നമായി കഴിയുക - ഇതാണ് ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷത.

മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം

1) മനുഷ്യര് ഇതെന്താണോ ഗീതത്തില് ആലപിക്കുന്നത് ഗീതയുടെ ഭഗവാനേ വാഗ്ദാനം നിറവേറ്റാന് വരൂ. ഇപ്പോള് സ്വയം ആ ഗീതയുടെ ഭഗവാന് തന്റെ കല്പം മുന്പത്തെ വാക്ക് പാലിക്കാന് വേണ്ടി വന്നിരിക്കുന്നു എന്നിട്ട് പറയുന്നു അല്ലയോ കുട്ടികളേ, എപ്പോള് ഭാരതത്തില് അതി ധര്മ്മ ഗ്ലാനി ഉണ്ടാകുന്നോ അപ്പോള് ഞാന് ഈ സമയം എന്റെ വാഗ്ദാനം പാലിക്കുന്നതിന് വേണ്ടി അവശ്യം വരുന്നു, ഇപ്പോള് ഞാന് വരുന്നു എന്നതിന്റെ ഉദ്ദേശം ഞാന് കല്പ-കല്പം വരുന്നു എന്നല്ല. എല്ലാ യുഗങ്ങളിലും ധര്മ്മ ഗ്ലാനി ഉണ്ടാകുന്നില്ല, ധര്മ്മ ഗ്ലാനി ഉണ്ടാകുന്നത് കലിയുഗത്തിലാണ്, അതുകൊണ്ട് മനസ്സിലാക്കൂ പരമാത്മാവ് കലിയുഗ സമയത്താണ് വരുന്നത്. കലിയുഗം പിന്നീട് കല്പ-കല്പം വരുന്നു അപ്പോള് മനസ്സിലാക്കൂ ഞാന് കല്പ-കല്പം വരുന്നു. കല്പത്തില് പിന്നീട് നാല് യുഗങ്ങളുണ്ട്, ഇതിനെ തന്നെയാണ് കല്പമെന്ന് പറയുന്നത്. അരകല്പം സത്യ-ത്രേതായുഗത്തില് സതോഗുണം സതോപ്രധാനമാണ്, അവിടെ പരമാത്മാവ് വരേണ്ടതിന്റെ യാതൊരു ആവശ്യകതയുമില്ല. ശേഷം ദ്വാപര യുഗം മുതല് വീണ്ടും മറ്റ് ധര്മ്മങ്ങളുടെ ആരംഭമാണ്, ആ സമയവും അതി ധര്മ്മ ഗ്ലാനിയില്ല ഇതില് നിന്ന് വ്യക്തമാകുന്നത് പരമാത്മാവ് മൂന്ന് യുഗങ്ങളില് വരുന്നതേയില്ല എന്നാണ്, ബാക്കിയുള്ളത് കലിയുഗമാണ്, അതിന്റെ അന്ത്യത്തിലാണ് അതി ധര്മ്മ ഗ്ലാനി ഉണ്ടാകുന്നത്. ആ സമയത്താണ് പരമാത്മാവ് വന്ന് അധര്മ്മത്തെ നശിപ്പിച്ച് സത്യ ധര്മ്മത്തിന്റെ സ്ഥാപന ചെയ്യുന്നത്. അഥവാ ദ്വാപരത്തില് വന്നിരുന്നുവെങ്കില് പിന്നീട് ദ്വാപരത്തിന് ശേഷം ഇപ്പോള് സത്യയുഗമാകണം പിന്നീടെന്തുകൊണ്ടാണ് കലിയുഗം? ഇങ്ങനെ പയില്ലല്ലോ പരമാത്മാവ് ഘോര കലിയുഗത്തിന്റെ സ്ഥാപനയാണ് ചെയ്തത്, ഇത് സംഭവ്യമല്ല അതുകൊണ്ട് പരമാത്മാവ് പറയുന്നു ഞാന് ഒന്നാണ് ഒരേ ഒരു പ്രാവശ്യം വന്ന് അധര്മ്മത്തിന്റെ വിനാശം ചെയ്ത്, കലിയുഗത്തിന്റെ വിനാശം ചെയ്ത് സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നു അതുകൊണ്ട് എന്റെ ആഗമന സമയം സംഗമയുഗമാണ്.

2) ഇപ്പോള് ഈ കാര്യം നമുക്കറിയാം മനുഷ്യാത്മാവിന്റെ ഭാഗ്യമുണ്ടാക്കുന്നത് ആരാണ് അതുപോലെ ഭാഗ്യം താറുമാറാക്കുന്നത് ആരാണ്? നമ്മള് ഇങ്ങെ പറയില്ല ഭാഗ്യമുണ്ടാക്കുന്നതും നഷ്ടമാക്കുന്നതും ആ പരമാത്മാവാണ്. ബാക്കി ഭാഗ്യമുണ്ടാക്കുന്നത് പരമാത്മാവാണ് എന്നത് തീര്ച്ചയാണ് അതുപോലെ ഭാഗ്യം നഷ്ടമാക്കുന്നത് സ്വയം മനുഷ്യനാണ്. ഇപ്പോള് ഈ ഭാഗ്യം ഉണ്ടായത് എങ്ങനെയാണ്? പിന്നീട് നഷ്ടമായത് എങ്ങനെയാണ്? ഇതില് മനസ്സിലാക്കി തരുന്നു. മനുഷ്യര് എപ്പോഴാണോ സ്വയത്തെ അറിയുന്നത് ഒപ്പം പവിത്രമാകുന്നത് അപ്പോള് ആ തകര്ന്ന ഭാഗ്യം വീണ്ടുമുണ്ടാക്കിയെടുക്കുന്നു. ഇപ്പോള് നമ്മള് തകര്ന്ന ഭാഗ്യമെന്ന് പറയുന്നുണ്ടെങ്കില് ഇതില് നിന്ന് വ്യക്തമാകുന്നത് ഏതോ സമയം നമ്മുടെ ഭാഗ്യം ഉണ്ടായിരുന്നു എന്നാണ്, അതാണ് പിന്നീട് തകര്ന്നത്. ഇപ്പോള് വീണ്ടും അതേ തകര്ന്ന ഭാഗ്യത്തെ പരമാത്മാവ് സ്വയം വന്ന് നിര്മ്മിക്കുന്നു. ഇപ്പോള് ചിലര് പറയാറുണ്ട് പരമാത്മാവ് സ്വയം നിരാകാരനാണ് അവരെങ്ങനെ ഭാഗ്യമുണ്ടാക്കും? ഇതില് മനസ്സിലാക്കി തരുന്നു, നിരാകാരനായ പരമാത്മാവ് എങ്ങനെയാണ് തന്റെ സാകാര ബ്രഹ്മാ ശരീരത്തിലൂടെ, അവിനാശീ ജ്ഞാനത്തിലൂടെ തകര്ന്നുപോയ ഭാഗ്യത്തെ ഉണ്ടാക്കുന്നത്. ഇപ്പോള് ജ്ഞാനം നല്കുക എന്നത് പരമാത്മാവിന്റെ കര്ത്തവ്യമാണ്, ബാക്കി മനുഷ്യ ആത്മാക്കള്ക്ക് മറ്റുള്ളവരുടെ ഭാഗ്യത്തെ ഉണര്ത്താന് സാധിക്കില്ല. ഭാഗ്യത്തെ ഉണര്ത്തുന്നത് ഒരേ ഒരു പരമാത്മാവാണ് അതുകൊണ്ടാണ് അവരുടെ ഓര്മ്മചിഹ്നങ്ങളായ ക്ഷേത്രങ്ങള് നിലനില്ക്കുന്നത്. ശരി. ഓം ശാന്തി.